കേരള സർക്കാർ

തദ്ദേശസ്വയം ഭരണ (എസി) വകുപ്പ്,
തിരുവനന്തപുരം.

**സർക്കുലർ -II നം.22512/എസി2/11/തസ്വഭവ. തീയതി: 21/08/2014**

വിഷയം:- തസ്വഭവ- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 42-ാമത് റിപ്പോർട്ടിലെ 13-ാമത് ഖണ്ഡികയിലെ ശുപാർശ - റോഡ് റോളർ ഉപയോഗിച്ചുള്ള മൺപണി നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥ- നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 42-ാമത് റിപ്പോർട്ട്- ഖണ്ഡിക 13-ലെ സമിതി ശുപാർശ.
2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 02.07.2014 ലെ ഡിബി1/2892/12/സി.ഇ/തസ്വഭവ. നമ്പർ കത്ത്.

റോഡ് റോളർ ഉപയോഗിച്ച് മൺപണി നടത്തുമ്പോൾ പാലിക്കേണ്ട നിയമപരമായ ഒരു വ്യവസ്ഥ അടിയന്തിരമായി ഉണ്ടാക്കുന്നതിലേയ്ക്ക് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ 42-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 13-ലെ ശുപാർശയിൽ സമിതി നിർദ്ദേശിക്കുകയുണ്ടായി.

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം ആരായുകയും പവർ റോളർ ഉപയോഗിച്ച് മണ്ണ് ഉറപ്പിക്കൽ (കൺസോളിഡേഷൻ) ചെയ്യുന്നതിനു മുമ്പായി, ആവശ്യമായ വാട്ടറിംഗ് നൽകി, layer by layer ആയി കൺസോളിഡേറ്റ് ചെയ്ത് നിർദ്ധിഷ്ട optimum moisture content കണക്കാക്കി optimum dry density കണ്ടെത്തി maximum compaction വരുത്തിയാണ് മണ്ണ് പ്രവൃത്തി ചെയ്യുന്നത്. ഈ അവസരത്തിൽ പൂർണ്ണ രൂപത്തിലുള്ള കൺസോളിഡേഷൻ (അമർത്തൽ) നടക്കുന്നതിനാൽ കൺസോളിഡേറ്റ് ചെയ്ത ശേഷം അളവെടുക്കുന്ന അവസരത്തിൽ quantity -യി നിന്നും വീണ്ടും ഒരു കുറവ് കൂടി വരുത്തേണ്ട ആവശ്യം ഇല്ലാത്തതാണെന്ന് ചീഫ് എഞ്ചിനീയർ സൂചന (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റോഡ് റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ ചെയ്ത ശേഷം അളവെടുക്കുന്ന അവസരത്തിൽ എടുക്കുന്ന അളവിൽ നിന്ന് യാതൊരു കുറവും വരുത്തേണ്ടതില്ലാ എന്ന് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. 14 ജില്ലാ പഞ്ചായത്തുകൾക്കും
5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. തദ്ദേശ സ്വയം ഭരണ (എബി, എസി3) വകുപ്പ്
7. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
8. ഐ.കെ.എം. പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
10. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.